Through Special Messenger

# കേരള സർക്കാർ

## ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -സി) വകുപ്പ്

## സർക്കുലർ

**നം. 70 /എസ്റ്റാ-സി13/14/ധന** **തീയതി, തിരുവനന്തപുരം 24/ 07/2014**

വിഷയം :- സർക്കാർ ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിൽ നിന്നും നിശ്ചിത തുക ആദായനികുതി ഇനത്തിൽ കുറവ് ചെയ്യുന്നത് - സംബന്ധിച്ച്

സൂചന :-
1. ട്രഷറി ഡയറക്ടറുടെ സർക്കുലർ നം. 44/2014 തീയതി 25/04/14.
2. ട്രഷറി ഡയറക്ടറുടെ 26/05/2014 ലെ e-TDS/Tx/DOT/6210/2014 നമ്പർ കത്ത്.

സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പ്രതീക്ഷിത വരുമാനം കണക്കാക്കി ആദായ നികുതി കുറവു ചെയ്യുന്നതിൽ സംഭവിക്കുന്ന വീഴ്ച മൂലം പല ട്രഷറി ഓഫീസർമാർക്കും വൻ തുക ആദായ നികുതി വകുപ്പിൽ നിന്നും പിഴ വരാൻ ഇടയാകുന്നുണ്ട്. ആദായനികുതി സംബന്ധമായ പരാതികളും ആദായനികുതി വകുപ്പിന്റെ പിഴ നോട്ടീസുകളും ഒഴിവാക്കുന്നതിനായി സൂചന 1 ലെ സർക്കുലർ പ്രകാരം ട്രഷറി ഓഫീസർമാർക്ക് ട്രഷറി ഡയറക്ടർ കർശന നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. ആദായ നികുതി കൃത്യമായി അടയ്ക്കാൻ തയ്യാറാകാത്ത ജീവനക്കാർക്ക് പിഴ പലിശ അടയ്ക്കേണ്ടി വരുമെന്നുള്ള വസ്തുത ജീവനക്കാരെ ബോധ്യപ്പെടുത്താൻ കഴിഞ്ഞാൽ 8+4 EMI തവണ വ്യവസ്ഥയിൽ ആദായ നികുതി കൃത്യമായി ഈടാക്കാൻ കഴിയുന്നതാണെന്നും ഈ വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കാരിൽ നിന്നും ഒരു സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചാൽ ആദായ നികുതി, മാസാമാസം കുറവ് ചെയ്യുന്നതിന് ട്രഷറി വകുപ്പിന് കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയുമെന്നും സൂചന '2' കത്ത് പ്രകാരം ട്രഷറി ഡയറക്ടർ അറിയിക്കുകയുണ്ടായി.

ആയതിനാൽ സർക്കാർ ജീവനക്കാരുടെ വരുമാന സ്രോതസ്സിൽ നിന്നും ആദായ നികുതി ഈടാക്കുന്നതിനായി 8+4 EMI മാതൃക നടപ്പിലാക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(i) സാമ്പത്തിക വർഷത്തിലെ മാർച്ച് മാസത്തെ ശമ്പള ബില്ലിനോടൊപ്പം പ്രതീക്ഷിത വരുമാനത്തിന്റെ സ്റ്റേറ്റ്മെന്റ് എല്ലാ SDO മാരും അവർ ശമ്പളം മാറുന്ന ട്രഷറിയിൽ ഏൽപ്പിക്കേണ്ടതാണ്. അതുപോലെ ഗസറ്റഡ് ഓഫീസർമാരല്ലാത്ത ജീവനക്കാർ അതതു ഓഫീസിലെ DDO മാരുടെ പക്കൽ മേൽപ്പറഞ്ഞ സ്റ്റേറ്റ്മെന്റ് നൽകേണ്ടതാണ്. ഒരു സാമ്പത്തിക വർഷം ലഭ്യമാകുന്ന അടിസ്ഥാനശമ്പളം, അലവൻസ്, പെർക്വിസൈറ്റ്സ് ഉൾപ്പെടെയുള്ള മൊത്ത ശമ്പളം കണക്കാക്കുകയും, അതിൽ നിന്നും സെക്ഷൻ 80 C മുതൽ 80 U വരെയുള്ള കിഴിവുകൾ, ഭവന വായ്പയുടെ പലിശ എന്നിവ കുറച്ചതിൽ നിന്നും തൊഴിൽ നികുതിയും കുറച്ചുള്ള വരുമാനത്തിനാണ് നികുതി കണക്കാക്കേണ്ടത്.

(ii) പ്രതീക്ഷിത വരുമാനത്തിന്റെ സ്റ്റേറ്റ്മെന്റ് അനുസരിച്ച് പ്രസ്തുത സാമ്പത്തിക വർഷം ഒടുക്കേണ്ട ആദായ നികുതിയുടെ 1/12 ഭാഗം വീതം ഓരോ മാസത്തേയും ശമ്പള ബില്ലിൽ കുറവ് ചെയ്യേണ്ടതാണ്. സ്രോതസ്സിൽ നിന്നും ആദായ നികുതി പിടിക്കാതിരുന്നാൽ മാസം തോറും ഒരു ശതമാനവും, പിടിച്ച നികുതി അടക്കാതിരുന്നാൽ ഒന്നര ശതമാനവും പലിശ നൽകണം [Section 201(A)]. നികുതി പിടിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തുകയോ പിടിച്ച തുകയിൽ കുറവു വരുത്തുകയോ ചെയ്താൽ 271 സി പ്രകാരം പിഴ ചുമത്താവുന്നതാണ്. (SDO യുടെ ശമ്പളത്തിൽ നിന്നും TDS പിടിക്കേണ്ട ചുമതല ട്രഷറി ഓഫീസർക്കും, മറ്റുള്ള ജീവനക്കാരുടെ കാര്യത്തിൽ അതതു ഓഫീസിലെ DDO മാരുമാണ് ഇത് നിർവ്വഹിക്കേണ്ടത്).

(iii) ജീവനക്കാരന്റെ ശമ്പളത്തിലോ അല്ലെങ്കിൽ കുടിശ്ശിക, മറ്റ് അലവൻസുകൾ തുടങ്ങിയവമൂലമോ മൊത്ത വരുമാനത്തിൽ വർദ്ധനവുണ്ടാകുമ്പോൾ, പ്രതീക്ഷിത

വരുമാനത്തിന്റെ സ്റ്റേറ്റ്മെന്റ് പ്രസ്തുത ജീവനക്കാരൻ പുതുക്കി നൽകേണ്ടതും തുടർന്ന് പുതുക്കിയ തോതിലുള്ള ആദായ നികുതി ജീവനക്കാരന്റെ ശമ്പളത്തിൽ നിന്നും തുടർന്നുള്ള മാസങ്ങളിലായി ബന്ധപ്പെട്ട DDO അല്ലെങ്കിൽ ട്രഷറി ഓഫീസർ ഈടാക്കേണ്ടതുമാണ്.

(iv) ആദായ നികുതി കൃത്യമായി അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർ ആദായ നികുതി വകുപ്പ് ചുമത്തുന്ന പിഴ പലിശ അടയ്ക്കേണ്ടതാണ്. TDS യഥാസമയം അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെയും, ടി റിക്കവറി ഇല്ലാതെ ശമ്പളം വിതരണം ചെയ്യുന്ന ട്രഷറി ഓഫീസർക്കെതിരെയും കർശനമായ അച്ചടക്ക നടപടികൾ കൈക്കൊള്ളുന്നതാണ്.

**രാജേഷ് കുമാർ സിൻഹ**
ധനകാര്യ എക്സ്പെന്റിച്ചർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ), കേരള, തിരുവനന്തപുരം
എല്ലാ സെക്രട്ടറി / സ്പെഷ്യൽ സെക്രട്ടറി/അഡീഷണൽ സെക്രട്ടറി / ജോയിന്റ് സെക്രട്ടറി/ ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ.
സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും
വകുപ്പ് മേധാവികൾ, യൂണിവേഴ്സിറ്റികൾ
പൊതുമേഖലാ, സ്വയംഭരണ, വെൽഫയർ ഫണ്ട്, ബോർഡ് മേധാവികൾ.
മുഖ്യമന്ത്രിയുടേയും മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ.
പ്രതിപക്ഷ നേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ
ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് , തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ ട്രഷറികളും സബ് ട്രഷറികളും
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി
നോഡൽ ഓഫീസർ, www.finance.kerala.gov.in.

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ